**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1059** **07-12-2022 - ൽ മറുപടിയ്ക്ക്**

**കാട്ടാനകളെ തുരത്താൻ പ്രത്യേക ദൗത്യസേന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ മാസങ്ങളായി കൃഷികൾ നശിപ്പിച്ചുകൊണ്ടിരിക്കുന്ന കാട്ടാനകളെ തുരത്താൻ വനം വകുപ്പ് മേധാവി പ്രത്യേക ദൗത്യസേനക്ക് രൂപം നൽകി ഉത്തരവ് നല്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ ജനവാസ മേഖലകളിൽ ഇറങ്ങി കൃഷി നശിപ്പിച്ചുകൊണ്ടിരിക്കുന്ന കാട്ടാനകളെ കാട്ടിലേക്ക് തിരികെ കയറ്റിവിടുന്നതിനായി നോർത്തേൺ സർക്കിളിൽപ്പെടുന്ന വിവിധ വനം ഡിവിഷനുകളിലെ സംരക്ഷണ വിഭാഗം ജീവനക്കാരെ ഉൾപ്പെടുത്തി ഒരു കർമ്മസേന രൂപീകരിക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ് & ചീഫ് വൈൽഡ് ലൈഫ്‌വാർഡൻ) 13.09.2022 ലെ KFDHQ/81/2022-CWW/WL -11 നമ്പർ കത്ത് പ്രകാരം നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ, ഉത്തരമേഖലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 13.09.2022 ലെ എ6-5840/2020 നമ്പർ ഉത്തരവ് പ്രകാരം ഒരു കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ദൗത്യസേനയുടെ പ്രവർത്തനം മൂലം എല്ലാ കാട്ടാനകളേയും ഉൾവനത്തിലേക്ക് തുരത്താൻ സാധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | 21 ഓളം കാട്ടാനകൾ ജനവാസ മേഖലകളിൽ ഇറങ്ങിയതിൽ നിന്ന് പ്രസ്തുത ദൗത്യസേനയുടെ പ്രവർത്തനം മൂലം 17 ഓളം കാട്ടാനകളെ തുരത്തിയിട്ടുണ്ട്. നിലവിൽ നാലോളം കാട്ടാനകളെ മാത്രമാണ് കാട്ടിലേക്ക് തിരികെ വിടാൻ ബാക്കിയുള്ളത്. ആയതിനെകൂടി കാട്ടിലേക്ക് തുരത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരികയാണ്. |
| (സി) | ദൗത്യസേനയുടെ പ്രവർത്തനം നിലവിൽ അവസാനിപ്പിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (സി) | ദൗത്യസേനയുടെ ദൗത്യം അവസാനിപ്പിച്ചിട്ടില്ല |
| (ഡി) | ഇപ്പോഴും കാട്ടാനകൾ കൃഷി നശിപ്പിക്കുന്ന സാഹചര്യത്തിൽ ദൗത്യസേനയുടെ പ്രവർത്തനം തുടർന്നും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | (ഡി) | ദൗത്യസേനയുടെ പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുകയാണ്. കാട്ടാനകളെ മുഴുവനായി കാട്ടിലേക്ക് തിരികെ വിടുന്നതിനായി അടിയന്തിര നടപടി കൾ സ്വീകരിച്ചുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ